## പതിനാലാം കേരള നിയമസഭ

## ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2806

18 .08.2017-ൽ മറുപടി നൽകേണ്ടിയിരുന്നത്

# നികുതി അടയ്ക്കാനായി കൈവശ അധികാരമോ,പട്ടയമോ ലഭിക്കാതെയുള്ളവർ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.പി.കെ. ശശി | ശ്രീ. ഇ. ചന്ദ്രശേഖരൻ<br>റവന്യൂവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി |
| (എ)വസ്തു/വീട് ഉടമകളായവരിൽ നികുതി അടയ്ക്കാനായി കൈവശ അധികാരമോ പട്ടയമോ ലഭിക്കാതെയുള്ളവർ എത്രയുണ്ടെന്ന് ജില്ല തിരിച്ച് കണക്ക് ലഭ്യമാക്കുമോ; | (എ) ക്രയ സർട്ടിഫിക്കറ്റിനും ജന്മം കൈവശ അധികാരത്തിനുമായി ലാൻഡ് ട്രിബ്യൂണലുകളിൽ സമർപ്പിക്കപ്പെട്ടതിൽ തീർപ്പാക്കാൻ ബാക്കിയുള്ള അപേക്ഷകളുടെ ജില്ല തിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു:- |

| | |
|---|---|
| തിരുവനന്തപുരം | 474 |
| കൊല്ലം | 448 |
| പത്തനംതിട്ട | 129 |
| ആലപ്പുഴ | 935 |
| ഇടുക്കി | 410 |
| കോട്ടയം | 427 |
| എറണാകുളം | 2589 |
| തൃശ്ശൂർ | 39307 |
| പാലക്കാട് | 34478 |
| മലപ്പുറം | 25674 |
| കോഴിക്കോട് | 10712 |
| വയനാട് | 1083 |
| കണ്ണൂർ | 21085 |
| കാസർഗോഡ് | 1505 |
| ആകെ | 139256 |

പുറമ്പോക്കിലും മറ്റും ഉൾപ്പെട്ടതോ, വ്യക്തമായ അവകാശരേഖകളില്ലാതെയോ ഭൂമി കൈവശം വച്ചിട്ടുള്ളവരിൽ നിന്നും നികുതി അടയ്ക്കാനായി ലഭിച്ചിട്ടുള്ള അപേക്ഷകളുടെ ജില്ല തിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു:-

| ജില്ല | അപേക്ഷകരുടെ എണ്ണം |
|---|---|
| തിരുവനന്തപുരം | 5529 |
| കൊല്ലം | 983 |
| പത്തനംതിട്ട | 1142 |
| ആലപ്പുഴ | 520 |

| | |
|---|---|
| ഇടുക്കി | 63793 |
| കോട്ടയം | 481 |
| എറണാകുളം | 854 |
| തൃശ്ശൂർ | 11566 |
| പാലക്കാട് | 449 |
| മലപ്പുറം | 10 |
| കോഴിക്കോട് | 882 |
| വയനാട് | 535 |
| കണ്ണൂർ | 21798 |
| കാസർഗോഡ് | 1468 |
| ആകെ | 1,10,010 |

(ബി) പാലക്കാട് ജില്ലയിൽ കാണം/പെറുമ്പാട്ട തീറാധാരം എന്നീ കാരണങ്ങളാൽ വസ്തു ഉടമകൾക്ക് പട്ടയമോ കൈവശ അധികാരമോ ലഭിക്കാനുള്ളതും ഭുനികുതി ഒടുക്കുന്നതിനുമായി എത്ര അപേക്ഷകൾ വിവിധ താലൂക്ക്/വില്ലേജ് ഓഫീസുകളിൽ കെട്ടിക്കിടപ്പുണ്ട്; ആയതിന്മേൽ തീരുമാനമെടുക്കാൻ വൈകുന്നതിനുള്ള കാരണം എന്തെന്നും വ്യക്തമാക്കുമോ;

(ബി) പാലക്കാട് ജില്ലയിൽ കാണം, വെറുമ്പാട്ടം തുടങ്ങി വിവിധ തരം കുടിയായ്മ പ്രകാരം വസ്തു ഉടമകളായിട്ടുള്ളവർ ക്രയ സർട്ടിഫിക്കറ്റ് ലഭിക്കുന്നതിനും നികുതി ഒടുക്കുന്നതിന്റെ ഭാഗമായി ജന്മാവകാശം ലഭിക്കുന്നതിനുമായി ലാൻഡ് ട്രൈബ്യൂണലുകളിലാണ് അപേക്ഷ സമർപ്പിക്കുന്നത്. പാലക്കാട് ജില്ലയിൽ 2 ലാൻഡ് ട്രൈബ്യൂണലുകളും 7 അധിക ചുമതല നൽകിയ ലാൻഡ് ട്രൈബ്യൂണലുകളും 1 ദേവസ്വം ട്രൈബ്യൂണലുമാണ് ഉള്ളത്. അവിടെ 01/08/2017-ൽ പെൻഡിംഗിലുള്ള അപേക്ഷകളുടെ എണ്ണം ചുവടെ ചേർക്കുന്നു.

ആയതിൽ നിയമനുസൃതമായ നടപടികൾ സ്വീകരിച്ച് തീർപ്പാക്കി വരുന്നു. കേസ് തീർപ്പാക്കുന്നത് വേഗത്തിലാക്കാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

| | | |
|---|---|---|
| ഒറ്റപ്പാലം ലാൻഡ് ട്രൈബ്യൂണൽ | : | 10555 |
| പാലക്കാട് ലാൻഡ് ട്രൈബ്യൂണൽ | : | 3814 |
| സ്പെഷ്യൽ തഹസിൽദാർ | | |
| എൽ. എ. ജനറൽ- I | : | 2610 |
| എൽ. എ. ജനറൽ- II | : | 2665 |
| കിൻഫ്ര പാലക്കാട് | : | 2688 |
| പി. എ. ആർ. ഇറിഗേഷൻ | : | 2743 |
| ആർ. ആർ. പാലക്കാട് | : | 496 |
| ആർ. ആർ. ചിറ്റൂർ | : | 225 |
| ദേവസ്വം ട്രൈബ്യൂണൽ | : | 8682 |
| ആകെ | : | 34478 |

(സി) വസ്തു ഉടമകൾക്ക് അപേക്ഷ നൽകിയാൽ വേഗത്തിൽ അവ നൽകുവാനും , അതിന് കഴിയാത്തവർക്ക് രേഖാമൂലം നിശ്ചിത സമയപരിധി

(സി) കേരള ഭൂപരിഷ്ക്കരണ നിയമം പ്രകാരം 01/04/1964 മുതൽ ഉള്ള നടപ്പു കുടിയാന്മാർക്കും കുടികിടപ്പുകാർക്കും ക്രയ സർട്ടിഫിക്കറ്റിനായി ലാൻഡ് ട്രൈബ്യൂണലുകളിൽ അപേക്ഷ സമർപ്പിക്കാവുന്നതാണ്. 01/04/1964-ൽ കുടിയായ്മ തെളിയിക്കുന്ന രേഖകളുടെ വെളിച്ചത്തിൽ ആണ്

| | |
|---|---|
| നിർണ്ണയിച്ച് മറുപടി നൽകുവാനും, കോടതി വ്യവഹാരമുൾപ്പെടെയുള്ള മേൽനടപടികൾക്ക് സാഹചര്യം നൽകുവാനും എന്ത് നടപടി സ്വീകരിക്കും എന്നും വ്യക്തമാക്കുമോ? | അപേക്ഷകൾ തീർപ്പാക്കുന്നത്. രേഖകളുടെ അഭാവത്തിലാണ് കേസ് തീർപ്പാക്കൽ വൈകുന്നത്. അപേക്ഷകർക്ക് കേസ് പോസ്റ്റ് ചെയ്തിരിക്കുന്ന തീയതി സംബന്ധിച്ചും ഹാജരാക്കേണ്ട രേഖകൾ സംബന്ധിച്ചും അറിയിപ്പ് നൽകുന്നുണ്ട്. കേസുകൾ സമയബന്ധിതിമായി തീർപ്പാക്കുന്നതിന് ഓരോ ട്രൈബ്യൂണലിനും പ്രതിമാസ ടാർജറ്റ് ലാൻഡ് ബോർഡിൽ നിന്ന് നിശ്ചയിച്ച് നൽകിയിട്ടുണ്ട്. പരാതിയുള്ള അപേക്ഷകർക്ക് അപ്പീൽ നൽകാനും കോടതിയിൽ പോകാനും നിയമ പ്രകാരം അധികാരമുണ്ട്. വ്യക്തമായ രേഖകളില്ലാതെ വസ്തു കൈവശം വച്ചിരിക്കുന്നവർക്ക് മുൻ സർവ്വേ റിക്കാർഡുകളും, വില്ലേജ് രേഖകളും പരിശോധിച്ചശേഷം സർക്കാർ ഭൂമിയിൽ ഉൾപ്പെട്ടിട്ടില്ലാത്ത കേസുകളിൽ നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ